COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE LEGISLATIVE SESSION OF 1123

Tuesday, the *9th December 1947*
23rd Vrischigam 1123

The Council met in the Council Hall, Eranakulam, at half-past eleven of the Clock with the Hon'ble President (Mr. L. M. PYLEE M.A.,B.L.,) in the Chair.

Messrs. P. Achutha Menon, C. N. Ittiravi Nambudiri, Rao Bahadur T. S. Narayana Ayyar and Mrs. Dakshayani Velayudhan were absent.

1. QUESTIONS AND ANSWERS

EROSION IN CRANGANUR—STEPS TAKEN REGARDING

97. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്ന സദയം പറപടി പറയുമോ.—

(എ) കൊടുങ്ങല്ലൂരിലെ കടലാക്രമണത്തെ തടയുവാൻ ഗവമ്മെണ്ടിൽനിന്നും എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്;

(ബി) ഇതിനെ സംബന്ധിച്ച ഗവമ്മെണ്ടിലേക്ക വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പ്രതി മേശപ്പുറത്തുവെക്കാമോ?

റാവുബഹദൂർ ടി. കെ. നായർ:

(എ) ടി പദ്ധതിയെപ്പററി അന്വേഷിക്കുന്നതിനും, പരീക്ഷണാർത്ഥം രണ്ട ഗ്രോയിൻസ് പണിയിക്കുന്നതിനുമായി ന്യ ൦, ൦ ൦ ൦ക. യുടെ ഒരു എസ്റ്റിമറവ് അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. അനുബന്ധം നോക്കുക. (Appendix I.)

GRAZING LAND—EXTENT OF

98. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്ന സദയം മറുപടി പറയുമോ.—

കുന്നുകാലി മേച്ചിൽ സ്ഥലങ്ങളായി ഇട്ടിട്ടുള്ള പുറംപോക്ക സ്ഥലങ്ങൾ എത്ര ഏക്കർ ഉണ്ട്?

മിസ്റ്റർ പറമ്പി ലോനപ്പൻ: വ,ൻ ന്യ ൪ ഏക്കർ.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതിൽ എല്ലാംതന്നെ ഇപ്പോൾ കുന്നുകാലി മേച്ചിലിനായി ഉപയോഗിക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനു വേണ്ടി വെച്ചിട്ടുള്ളതാണ് ഈ സ്ഥലം കുന്നുകാലി അവിടെപോയി പുല്ലുതിന്നുന്നുണ്ടോ എന്നു പറയുവാൻ വിഷമമാണ്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ സ്ഥലത്തിൽ വല്ല ഭാഗവും food production നു വേണ്ടി കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു തീർച്ചപറയാൻ വിഷമമാണ്.

റാവുസാഹിബ് എ. മാധവപ്രഭു: കൊടുത്തിട്ടുണ്ട്. പക്ഷെ, അതിന്നായിത്തന്നെ ഒഴിവാക്കീട്ടില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു എത്രയുണ്ടെന്നു പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു എത്രയുണ്ടെന്നു പറയാൻ വിഷമമാണ്.

മിസ്റ്റർ കെ. കെ. കണ്ണൻ: പുരവെച്ചു താമസിക്കുന്നതിനു ഇതിൽ വല്ലഭാഗവും അനുവദിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതു അധികം സ്ഥലം ഉള്ളതിൽ കുറെ ഭാഗമെങ്കിലും അധഃകൃതർക്ക് പുരവെച്ചു താമസിക്കുന്നതിനു അനുവദിച്ചുകൂടെ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: നമ്മുടെ കന്നുകാലികളാണ്. അധഃകൃതരുടെ കാര്യം പറയാൻ തുടങ്ങിയതുപോലെ അവയുടെ കാര്യം പറയാൻ അവക്ക് സാദ്ധ്യമല്ല. അധഃകൃതക്ക് താമസിക്കുവാൻ സ്ഥലം ആവശ്യമുണ്ടെന്നുവെച്ച് കന്നുകാലികളെ തീരെ ഉപേക്ഷിക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അപ്പോൾ അധഃകൃതർ കന്നുകാലികളേക്കാൾ മോശമാണെന്നുള്ള നിലയാണ് ഗവണ്മെണ്ട് എടുത്തിരിക്കുന്നത്.

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെയല്ല അതിന്റെ കാര്യം. മനുഷ്യൻ കന്നുകാലികളേക്കാൾ മോശമാണെന്ന് പഠഞ്ഞാൽ, അങ്ങിനെ പറയുന്നവൻ കന്നുകാലിയാണ്.

മിസ്റ്റർ കെ. കെ. കണ്ണൻ: വീടില്ലാതെ അലഞ്ഞുതിരിഞ്ഞ് അധഃകൃതക്ക് നടക്കേണ്ടി വരുന്ന സ്ഥിതി കന്നുകാലികളേതിനേക്കാൾ മോശമല്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്.

മിസ്റ്റർ പി. ടി. ജേക്കബ്: പല്ലുതിന്നാൻ വല്ല പല്ലും അവിടെ മുളയ്ക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അത് റവന്യൂ ഡിപ്പാർട്ടുമെണ്ടും പഞ്ചായത്ത് ഡിപ്പാർട്ടുമെണ്ടും വളരെ ഒക്കെ നോക്കി കണ്ടുപിടിച്ചിട്ടുള്ള സ്ഥലങ്ങളാണ്. ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ സ്ഥലങ്ങളിൽ പുല്ലുമുളക്കാത്ത സ്ഥലങ്ങളില്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടായിരിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പുല്ലുമുളക്കാത്ത സ്ഥലങ്ങളും അധഃകൃതക്ക് കൊടുത്തുകൂടെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവക്ക് വീട് മാത്രമല്ല ആവശ്യം. അതുകൊണ്ട് അങ്ങിനെയുള്ള സ്ഥലം അവക്ക് കൊടുത്തിട്ട് ആവശ്യമില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതു് ഗവണ്മെണ്ടിന്റെ മേച്ചിൽ സ്ഥലങ്ങളാണോ? അതോ പുതിയതായി ഉണ്ടാക്കിയ മേച്ചിൽസ്ഥലങ്ങളോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഞാൻ മന്ത്രിയായിരുന്ന കാലത്തിനു് മുമ്പുള്ളതാണ്. എന്നു് ഉണ്ടായതാണെന്നു് തീർച്ച പറയാൻ നിവൃത്തിയില്ല.

OFFICERS THROWN OUT FROM FAIR PRICE SHOP—NUMBER OF

99. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് ദയവു മറുപടി പറയുമോ.—

(എ) ഫെയർ പ്രൈസ് ഷാപ്പുകൾ കോവാപ്പറേറീവ് സൊസൈറ്റികളെ ഏല്പിച്ചതോടുകൂടി ഒഴിവാക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ എത്ര;

(ബി) അവരിൽ മാനേജർമാരായിരുന്നവർ എത്ര;

(സി) ഷാപ്പു അസിസ്റ്റൻറുമാരായിരുന്നവർ എത്ര?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ൨൨ ൭.

(ബി) ൪൨ പേർ.

(സി) ൧൭൪ പേർ.

PETROL—SELLING IN BLACK-MARKET—CASE—CHARGING OF

100. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് ദയവു മറുപടി പറയുമോ.—

(എ) ൧൯൪൨ ൨ മിഥുനം ൩ ൦-൦ംതെ-വരെയുള്ള നാലു മാസത്തിനുള്ളിൽ പെട്രോൾ ബ്ലാക്കുമാർക്കറ്റിൽ വില്ക്കുന്നതു സംബന്ധിച്ചു പോലീസു വല്ല കേസ്സും പിടിച്ചിട്ടുണ്ടോ, ചാർജ്ജു ചെയ്തിട്ടുണ്ടോ;

(ബി) മന്ത്രിമാരിൽ ആരെങ്കിലും കൊടുത്തിട്ടുള്ള പെട്രോൾ കൂപ്പൺ മറ്റാരെങ്കിലും പെട്രോൾ വാങ്ങുന്നതിനു ഉപയോഗപ്പെടുത്തുന്നതായി വല്ല കേസ്സും പോലീസു പിടിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു മന്ത്രിക്കു കൊടുത്ത പെട്രോൾ കൂപ്പണാണ് ഇപ്രകാരം വെളിയിൽ പോയതു;

(ഡി) ഈ കേസ്സു റജിസ്റ്റർ ചെയ്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: (എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly